| 20-01-2022 | പ്രഭാത മുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - അരകൽപമായി വികാരങ്ങളുടെ ഏതൊരു രോഗമാണോ ബാധിച്ചിരുന്നത് അതിപ്പോൾ മാറിക്കഴിഞ്ഞു, അതുകൊണ്ട് അപാര സന്തോഷത്തിൽ കഴിയണം**

**ചോദ്യം:-** ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഏതൊരു ഹോബി(വിനോദ വൃത്തി) ഉണ്ടായിരിക്കണം, ഏതു കാര്യങ്ങളുമായി നിങ്ങൾക്ക് ബന്ധമില്ല?
**ഉത്തരം:-** ഒരു ബാബയിൽ നിന്ന് പൂർണ്ണമായ സമ്പത്ത് നേടുന്നതിന്റെ *ഹോബി* ഉണ്ടായിരിക്കണം. മനുഷ്യർക്ക് അനേക പ്രകാരത്തിലുള്ള *ഹോബികളുണ്ട്.* നിങ്ങൾക്ക് അതെല്ലാം ഉപേക്ഷിക്കണം. നിങ്ങൾ ഈശ്വരീയ സന്താനമായി മാറിയിരിക്കുന്നു, ബാബയോടൊപ്പം തിരിച്ച് പോകണം അതുകൊണ്ട് ഈ ശരീരവുമായി ബന്ധം വയ്ക്കുന്ന എല്ലാകാര്യങ്ങളെയും മറക്കണം. വയറിനെ രണ്ട് ചപ്പാത്തി കഴിപ്പിക്കണം ബുദ്ധി പുതിയ ലോകത്തിലും വയ്ക്കണം.

**ഗീതം:-** ആരുടെ കൂട്ടുകാരനാണ് ഭഗവാൻ....

**ഓം ശാന്തി**. ഏതെല്ലാം അനന്യരും അചഞ്ചലരുമായ മഹാവീര കുട്ടികളാണോ ഉള്ളത് അവർ മനസ്സിലാക്കുന്നുണ്ട് അനേക പ്രകാരത്തിലുള്ള കൊടുങ്കാറ്റുകൾ മനസ്സിൽ വരും, പ്രകൃതിക്ഷോഭങ്ങളും, രോഗങ്ങളും തുടങ്ങി എല്ലാം തന്നെ വരും എന്തുകൊണ്ടെന്നാൽ ഇപ്പോൾ അവസാന ആളിക്കത്തലാണ്. മായ നന്നായി സ്ഫോടനം നടത്തും. ആരാണോ പക്ക നിശ്ചയ ബുദ്ധികൾ അവർക്കറിയാം ശരീരത്തിന്റെ കണക്കുകളും തീരണം. ഏതെങ്കിലും അസുഖം മാറുകയാണെങ്കിൽ സന്തോഷം ഉണ്ടാകാറുണ്ട്. ഇപ്പോൾ നമ്മൾ ഈ അസുഖത്തിൽ നിന്ന് മുക്തരാകുകയാണ്. നിങ്ങൾക്കറിയാം ഇനി ബാക്കി കുറച്ച് ദിവസങ്ങളാണുള്ളത്. ഈ 5 വികാരങ്ങളുടെ രോഗം അരകൽപമായി ബാധിച്ചിരിക്കുന്നു, അതിലൂടെ മനുഷ്യർ അജാമിലനെപ്പോലെ പാപ ആത്മാക്കളായി, ഇങ്ങനെയുള്ള ലോകം ഇനി കുറച്ച് ദിവസമാണുള്ളത്. ഈ രോഗങ്ങൾ ഇല്ലാതായിക്കഴിഞ്ഞു. ലോകർ ഈ കാര്യങ്ങളെ അറിയുന്നില്ല അവരുടെ ബുദ്ധി അസുരൻമാരുടേത് പോലെയാണ്. അവർ അയ്യോ-അയ്യോ എന്ന് നിലവിളിച്ചുകൊണ്ടിരിക്കും. നിങ്ങൾ ഈ എല്ലാ സംഭവവികാസങ്ങളും കണ്ടുകൊണ്ടിരിക്കും. നിങ്ങൾക്ക് ഈ കാര്യങ്ങളുമായി യാതൊരു ബന്ധവുമില്ല. ഇതൊരു പുതിയ കാര്യമല്ല, ഇതെല്ലാം സംഭവിക്കുക തന്നെ വേണം ഇതിൽ ഭയക്കേണ്ട യാതൊരു കാര്യവുമില്ല. അവശേഷിക്കുന്നത് കുറച്ച് സമയമാണ്. വയറിനെ രണ്ട് ചപ്പാത്തി കഴിപ്പിക്കണം. ഇപ്പോൾ നമ്മുടെ *ഹോബി* - ബാബയിൽ നിന്ന് സമ്പത്ത് എടുക്കുന്നതിന്റേതാണ്. മനുഷ്യർക്ക് അനേക പ്രകാരത്തിലുള്ള ഹോബികളുണ്ട്. ഇവിടെ വിനോദങ്ങളൊന്നും തന്നെയില്ല. ശരീരവുമായി ബന്ധം വെയ്ക്കുന്ന എല്ലാ കാര്യങ്ങളെയും മറക്കണം. നമ്മൾ ഈശ്വരന്റേതായിരിക്കുന്നു. ഇപ്പോൾ തിരിച്ച് ബാബയോടൊപ്പം അഥവാ പ്രിയതമനോടൊപ്പം പോകണം. ഈ പ്രിയതമൻ വളരെ വിചിത്രനാണ്. വിചിത്രനായതു കാരണം പൂർണ്ണമായും ഓർമ്മിക്കാൻ സാധിക്കുന്നില്ല. ഇത് പുതിയ രീതിയല്ലേ. ആത്മാവിന് പരമാത്മാവിനെ ഓർമ്മിക്കണം. അരകൽപ്പത്തിനിടയിൽ ഈ രീതിയിൽ ഓർമ്മിച്ചിട്ടില്ല, സത്യയുഗത്തിൽ കേവലം ഞാൻ ആത്മാവാണെന്ന് മാത്രമാണ് മനസ്സിലാക്കുന്നത് മറ്റൊരു ജ്ഞാനവുമില്ല. നമ്മൾ ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് അടുത്തതെടുക്കും. ഇവിടെയാണെങ്കിൽ ആത്മാവിനെ പരമാത്മാവാക്കിയിരിക്കുന്നു. പരമാത്മാവ് സർവ്വവ്യാപിയാണെന്ന് പറയുന്നു. നിങ്ങൾക്കിപ്പോൾ ഈ പഴയ ലോകം ഇല്ലാത്തത് പോലെയാണ്. ബുദ്ധി പുതിയ ലോകവുമായി ചേർന്നിരിക്കുന്നു, ഏതുപോലെയാണോ പുതിയ വീടുണ്ടാക്കുകയാണെങ്കിൽ ബുദ്ധി പഴയ വീട്ടിൽ നിന്ന് വേറിട്ട് പുതിയതിലേക്ക് ചേരുന്നത്. ഇപ്പോൾ ഇത്രയും ധർമ്മത്തിലുള്ളവർ സമ്മേളനങ്ങളെല്ലാം നടത്താറുണ്ട് എന്നാൽ ഒരാളുടെ പോലും ബുദ്ധിക്ക് പരംപിതാ പരമാത്മാവുമായി ബന്ധമില്ല. ഇപ്പോൾ നിങ്ങൾക്ക് പഠിപ്പിക്കുന്ന ബാബയെ ലഭിച്ചിരിക്കുന്നു. ആ ബാബ തന്നെയാണ് ജ്ഞാനേശ്വരനും യോഗേശ്വരനും. യോഗേശ്വരനെന്നാൽ ഈശ്വരൻ, താനുമായി യോഗം വയ്ക്കാൻ പഠിപ്പിക്കുന്നു, ജ്ഞാനേശ്വരനെന്നാൽ ഈശ്വരനിൽ മാത്രമാണ് ജ്ഞാനമുള്ളത്. ബാബയ്ക്ക് മാത്രമാണ് ജ്ഞാനവും യോഗവും പഠിപ്പിക്കാൻ സാധിക്കുന്നത്. ആർക്കാണോ പക്ക നിശ്ചയമുള്ളത് അവർ മനസ്സിലാക്കുന്നുണ്ട്. നമ്മൾ ഇപ്പോൾ ഈ ലോകത്ത് അൽപസമയത്തേക്കാണ്. നമുക്കിപ്പോൾ വീട്ടിലേക്ക് പോകണം. ഏതുപോലെയാണോ നാടകത്തിലെ അഭിനേതാക്കൾക്ക് അറിവുണ്ടായിരിക്കുന്നത് ഇനി കുറച്ച് സമയമേ ഉള്ളൂ അത് കഴിഞ്ഞാൽ നമ്മൾ വീട്ടിലേക്ക് പോകും. *ക്ലോക്ക്* നോക്കികൊണ്ടേയിരിക്കും. നിങ്ങളുടേത് പരിധിയില്ലാത്ത ഘടികാരമാണ്, നിങ്ങൾക്കറിയാം ഇത് അന്തിമ ജന്മമാണ്. അതുകൊണ്ട് നിങ്ങൾക്ക് വലിയ സന്തോഷം ഉണ്ടായിരിക്കണം - നമുക്ക് ഈ പഴയ ശരീരം ഉപേക്ഷിച്ച് വിശ്വ രാജകുമാ

രനും രാജകുമാരിയുമാകണം. നമ്മുടെ മമ്മാ-ബാബയും രാജകുമാരനും രാജകുമാരിയുമാകും. കുട്ടികൾക്കും നന്നായി ഓട്ടം നടത്തി വിജയമാലയിലെ സമീപ *നമ്പറിലേക്ക്* വരണം. ബാബയോട് ചോദിക്കുകയാണെങ്കിൽ പറഞ്ഞു തരാൻ സാധിക്കും - നിങ്ങളുടെ സ്വഭാവം ഇങ്ങനെയുള്ളതാണ്, അതിലൂടെ നിങ്ങൾ തീർത്തും വിജയമാലയുടെ സമീപത്ത് വരുന്നതായി കാണപ്പെടുന്നുണ്ട്. സ്വയവും അറിയാൻ സാധിക്കും ഞാൻ എത്രത്തോളം പാസ്സാകും. ചിലർ മനസ്സിലാക്കുന്നുണ്ട് - ഞാൻ ഒരിക്കലും പാസ്സാകില്ല. ഇനി ബാബയുടെ കുട്ടിയാകട്ടെ, എല്ലാം സമർപ്പണം ചെയ്തിരിക്കുന്നു, ബാബയുടെ മടിയിലാണിരിക്കുന്നത്, എന്നാൽ ധാരണയില്ലെങ്കിൽ ഉയർന്ന പദവി ലഭിക്കുകയില്ല. ആരാണോ ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞു കൊണ്ടും സേവനം ചെയ്തുകൊണ്ടിരിക്കുന്നത് അവർക്ക് ഇവിടെ കഴിയുന്നവരെക്കാളും നല്ല പദവി നേടാൻ സാധിക്കും. കാണാൻ കഴിയും - അവർ വളരെ വേഗത്തിലാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. കേവലം കൂടെയിരിക്കുന്നത് കൊണ്ട് അൽപം നേട്ടമാണുള്ളത്. മേഘം സാഗരത്തിന്റെ സമീപം വന്നു, നിറച്ചു പിന്നീട് പെയ്യുന്നതിനായി പോയി.

മുരളി എല്ലായിടത്തേക്കും പോകുന്നുണ്ട്. മുരളി കേട്ടിട്ട് പിന്നീട് കേൾപ്പിക്കുന്നുമുണ്ട്. ധാരാളം സേവനം ചെയ്യുന്നുണ്ട്, അവർ നല്ല പദവി നേടും, പരിശ്രമമുണ്ട്. ഇവിടെ പരിശ്രമമില്ലെങ്കിൽ വീണ് പോകും. മുഴുവൻ ആധാരവും പുരുഷാർത്ഥത്തിലാണ്. തന്റെ നാഡി തനിക്ക് തന്നെ നോക്കാൻ സാധിക്കും. അറിയാൻ സാധിക്കും ഈ പുരുഷാർത്ഥത്തിലൂടെ ഞാൻ എന്ത് പദവി നേടും! ഇപ്പോൾ പുരുഷാർത്ഥം ചെയ്ത് ഉയർന്ന പദവി നേടിയില്ല എങ്കിൽ കൽപകൽപാന്തരം ഇതേ പദവിയായിരിക്കും. ഇതാണ് പരിധിയില്ലാത്ത നാടകം. തനിക്കിപ്പോൾ പരിധിയില്ലാത്ത ബുദ്ധി ലഭിച്ചിരിക്കുന്നു. *ഡ്രാമയുടെ* ആദി-മദ്ധ്യ-അന്ത്യത്തെ അറിയുക, വളരെ ആന്ദകരമാണ്. എന്നാൽ മായയുടെ കൊടുങ്കാറ്റ് ഇങ്ങനെയാണ് അത് എന്തെങ്കിലുമെല്ലാം തെറ്റ് ചെയ്യിക്കുന്നു. നല്ല-നല്ല കുട്ടികളെ മായ ജയിക്കുന്നു. മുന്നോട്ട് പോകവെ വൃദ്ധിയുണ്ടാകും. നിങ്ങളുടെ പേര് പ്രസിദ്ധമാകും. ഡൽഹിയിൽ മത സമ്മേളനം നടക്കാറുണ്ട്. സമ്മേളനത്തിൽ മനസ്സിലാക്കി കൊടുക്കാൻ വളരെ നല്ല ബുദ്ധി വേണം. വളരെ വിദ്യാസമ്പന്നമായ പെരുമാറ്റം വേണം. ആദ്യം തലവൻമാരുടെ ചെറിയ *കമ്മറ്റി* കൂടും അതിന് ശേഷമാണ് വലിയ സമ്മേളനം വിളിക്കുന്നത്. *പോപ്പ്* മുതയാവരുമായി ആദ്യം തന്നെ ഏർപ്പാട് ചെയ്യും. അവരും സമ്മേളനത്തിനായി വളരെയധികം ചിന്തിക്കാറുണ്ട്. അപ്പോൾ ഇങ്ങനെയുള്ള സമ്മേളനങ്ങളിലേക്ക് വളരെ-വളരെ വിവേകശാലികളായ വളരെ ബുദ്ധിവാൻമാരായ കുട്ടികൾ വേണം, അവർക്ക് പോയി മനസ്സിലാക്കി കൊടുക്കണം. ഏറ്റവും ആദ്യം ഈ കാര്യം തീരുമാനിക്കൂ അതായത് തലവനാരാണ്. ഇപ്പോൾ ബാബയും വന്നിരിക്കുന്നു - ഇതിന് മുൻപ് ആർക്കും തന്നെ ദേവീ-ദേവതാ ധർമ്മത്തെക്കുറിച്ച് അറിയില്ലായിരുന്നു. ഇപ്പോൾ സന്തോഷമുണ്ട് അതായത് ദേവീ-ദേവതാ ധർമ്മത്തിന്റെയും തലവനുണ്ട്. ആരാണോ ജ്ഞാനത്തിൽ പരിപക്വമായിട്ടുള്ളത് അവർ മനസ്സിലാക്കുന്നുണ്ട്, ഇപ്പോൾ നമുക്ക് ഇവരോട് ചോദിക്കാൻ സാധിക്കും അതായത് പറയൂ - എല്ലാ ധർമ്മങ്ങളിലും വെച്ച് ഉയർന്ന ധർമ്മം ഏതാണ്? അവരെ തന്നെയാണ് തലവനാക്കേണ്ടത്. നിങ്ങൾ ബി. കെ. യാണ് എല്ലാവരുടെയും *ഹെഡ്*, നിങ്ങൾ ജഗത് മാതാക്കളാണ്. പദവിയും മാതാക്കൾക്കാണ്. കാണിക്കുന്നുമുണ്ട് - ഭീഷ്മർ തുടങ്ങിയവരെ കുമാരിമാർ അസ്ത്രമെയ്തതായി. ഈ കുമാരിമാരുടെ മുന്നിലേക്ക് എല്ലാവർക്കും വരണം. അപ്പോൾ ഇത് മനസ്സിലാക്കി കൊടുക്കണം ഏറ്റവും ഉയർന്നത് ആരാണ്. പിന്നീട് സർവ്വ വ്യാപിയുടെ ജ്ഞാനം അസത്യമാണെന്ന് മനസ്സിലാക്കും.

ഇപ്പോൾ നിങ്ങൾ യുദ്ധ മൈതാനത്താണ്. ബാബയുടെ പരിചയം നൽകുക - നിങ്ങളെ സംബന്ധിച്ചിടത്തോളം പുതിയ കാര്യമല്ല. നല്ല-നല്ല കുട്ടികൾ ആരാണോ അവർക്ക് ഉയർന്ന ലഹരിയുണ്ട് - ഈ പാർട്ട് അനേകം പ്രാവശ്യം കളിച്ചതാണ്. ഇപ്പോൾ ഈ പഴയ ലോകം അവസാനിക്കണം. ഈ പഴയ ശരീരം ഉപേക്ഷിക്കണം പിന്നീട് പുതിയ ശരീരത്തിൽ വന്ന് പാർട്ടഭിനയിക്കും. ഇപ്പോൾ നിങ്ങളുടെ ബുദ്ധി വിശാലമായിരിക്കുന്നു. ഇപ്പോൾ ഈ പഴയ വസ്ത്രം ഉപേക്ഷിക്കണം. പിന്നീട് 84 ജന്മം പുതിയ-പുതിയ വസ്ത്രമെടുക്കുന്നു. ഇത് ബുദ്ധിയിൽ സദാ ഓർമ്മയുണ്ടായിരിക്കണം - ഓരോ അഭിനേതാവിനും അവരവരുടെ ഭാഗത്തക്കുറിച്ച് അറിവുണ്ടായിരിക്കണം. 84 ജന്മങ്ങളെടുത്ത് പാർട്ടഭിനയിച്ചു. ഇപ്പോൾ കളി അവസാനിക്കുകയാണ്. സൃഷ്ടിയും തമോപ്രധാനമാണ്, ഇപ്പോൾ നമ്മുടെ രാജധാനി സ്ഥാപിതമാകും പിന്നീട് വിനാശവും ആരംഭിക്കും. നമ്മൾ പോയി അടുത്ത ജന്മത്തിൽ വിശ്വത്തിന്റെ അധികാരിയാകും. ലോകത്തിൽ എന്താണോ പഠിക്കുന്നത് അതിൽ നിന്ന് ഈ ജന്മത്തേക്ക് മാത്രമാണ് ലഭിക്കുന്നത്. നിങ്ങൾക്ക് വീണ്ടുമത് ഓർമ്മ വന്നിരിക്കുന്നു, നമ്മൾ പോയി ദൈവീക ജന്മമെടുക്കും അതിന് ശേഷം ക്ഷത്രിയ ജന്മമെടുക്കും. ഇത് ബുദ്ധിയിൽ ഊറിയൂറി വരണം, എങ്കിൽ സന്തോഷത്തിന്റെ രസം ഉയർന്നിരിക്കും. നല്ല പുരുഷാർത്ഥീ കുട്ടികൾ ആരാണോ അവരുടെ ബുദ്ധിയിൽ ഇങ്ങനെയിങ്ങനെയുള്ള കാര്യങ്ങൾ നടന്നുകൊണ്ടിരിക്കും.

ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് – കർമ്മം ചെയ്യണം. കൂടെ തന്റെ ഓർമ്മയുടെ ചാർട്ട് വർദ്ധിപ്പിക്കണം. രാത്രി സമയം വളരെ നല്ലതാണ് അതിൽ ക്ഷീണം ഒന്നും തന്നെ ഉണ്ടായിരിക്കില്ല. മുഴുവൻ സമയവും ഈ അവസ്ഥയിൽ ഇരിക്കാൻ സാധിക്കില്ല പിന്നീട് കൊടുങ്കാറ്റ് കൂടി വരികയാണെങ്കിൽ ക്ഷീണിതരാക്കുന്നു. ആഗ്രഹിമില്ലാതിരുന്നിട്ട് പോലും കൊടുങ്കാറ്റ് വരുന്നു. അത് ക്ഷീണിതരാക്കും. ബാക്കി ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുകണെങ്കിൽ, വിഷയങ്ങൾ കണ്ടെത്തിക്കൊണ്ടിരിക്കുകയാണെങ്കിൽ ബുദ്ധി കൂടുതൽ സമ്പന്നമാകും. ഇത് ബാബയുടെ അനുഭവമാണ്. കൊടുങ്കാറ്റ് ധാരാളം വരും. എത്രത്തോളം ബലവാനാകുന്നോ അത്രത്തോളം മായ കൂടുതൽ പിറകെ വരും. ഇതൊരു നിയമമാണ്. ബാബ പറയുന്നു മായ വളരെ ബലവാനാണ്, എന്തുകൊണ്ടെന്നാൽ മായയുടെ രാജ്യം ഇപ്പോൾ ഇല്ലാതാകുകയാണ് അതുകൊണ്ട് നന്നായി കൊടുങ്കാറ്റടിക്കും. ഇതിൽ പേടിക്കരുത്. ശരീരത്തിനെന്തെങ്കിലും സംഭവിക്കുക ഇതും കർമ്മക്കണക്കാണ്. ഇതിൽ നിരാശരാകരുത്. അന്തിമ ശരീരമാണ്. ബാക്കി കുറച്ച് സമയമാണുള്ളത്, ഇങ്ങനെ മനസ്സിലാക്കി സന്തോഷത്തോടെ കഴിയണം. *ഡ്രാമയിൽ* ഈ സമയം നിങ്ങൾ ഏറ്റവും ഉയർന്ന പദവിയുള്ളവരാണ് എന്തുകൊണ്ടെന്നാൽ നിങ്ങൾ പരംപിതാ പരമാത്മാവിന്റെ മടിത്തട്ട് നേടിയിരിക്കുന്നു. നിങ്ങളിലും ആരാണോ നല്ല പുരുഷാർത്ഥികൾ അവരെ പോലെ സൗഭാഗ്യശാലികളായി മറ്റാരും തന്നെയില്ല. ഈ ഈശ്വരീയ സുഖം വളരെ ഉയർന്നതാണ്. നിങ്ങൾക്ക് മനസ്സിലാക്കികൊടുക്കാൻ സാധിക്കും ഭാരതം തന്നെയായിരുന്നു സ്വർഗ്ഗമായിരുന്നത്, അവിനാശീ ഖണ്ഡമാണ് മറ്റൊരു ധർമ്മവും ഇല്ലായിരുന്നു. അവരെല്ലാം പിന്നീടാണ് വന്നത്. സൂര്യവംശീ രാജധാനി കടന്ന് പോയപ്പോൾ പിന്നീട് ചന്ദ്രവംശിയായി. അവരുടെ ചരിത്ര–ഭൂമിശാസ്ത്രത്തെക്കുറിച്ച് ആർക്കും തന്നെ അറിയില്ല. ഇപ്പോൾ നിങ്ങൾ അറിഞ്ഞിരിക്കുന്നു. സത്യയുഗത്തിൽ ആരും തന്നെ സത്യയുഗത്തിന് ശേഷം ത്രേതായാകുമ്പോൾ രണ്ട് കല കുറയുമെന്നോ അതിലൂടെ സുഖവും കുറയുമെന്നോ അറിയുന്നില്ല. ഈ ജ്ഞാനം സത്യയുഗത്തിലുണ്ടായിരുന്നെങ്കിൽ ഉള്ളിൽ നിരാശരായിക്കൊണ്ടിരിക്കും. മനസ്സ് വേദനിച്ചുകൊണ്ടിരിക്കും എന്ത്, നമ്മൾ ഇനി ഇറങ്ങുമെന്നോ! പിന്നീട് രാജ്യഭാഗ്യം പോലും നല്ലതായി തോന്നില്ല. ഇവിടെയും ചില–ചില കുട്ടികൾ പറയാറുണ്ട് നമ്മൾ സ്വർഗ്ഗത്തിന്റെ അധികാരിയാകും പിന്നീട് താഴേക്ക് ഇറങ്ങേണ്ടിയും വരും! എങ്കിലും അവിടെ രാജ്യം ലഭിക്കുന്നതിന്റെ സന്തോഷമുണ്ട്. ഇപ്പോൾ നിങ്ങളെ ബാബ ത്രികാല ദർശിയാക്കി കൊണ്ടിരിക്കുന്നു. ലക്ഷ്മീ–നാരായണൻ ആരാണോ സ്വർഗ്ഗത്തിന്റെ അധികാരിയായിരുന്നത്, അവർ പോലും ത്രികാലദർശികളല്ല. സംഗമത്തിൽ മാത്രമാണ് ബാബ വന്ന് മൂന്നാം നേത്രം നൽകി ത്രികാല ദർശിയാക്കുന്നത്. ദേവതകൾക്ക് ഈ അലങ്കാരങ്ങളെല്ലാം എന്തുകൊണ്ടാണ് നൽകുന്നത്? എന്തുകൊണ്ടെന്നാൽ അവർ *ഫൈനലിലാണ്*. ബ്രാഹ്മണരാണെങ്കിൽ കയറുകയും വീഴുകയും ചെയ്തുകൊണ്ടിരിക്കുന്നു. അവർക്കെങ്ങനെ അലങ്കാരം നൽകാൻ സാധിക്കും, ഒരിക്കലും ശോഭനീയ മായിരിക്കില്ല. *ഡ്രാമയിൽ* എത്ര അദ്ഭുതകരമായ രഹസ്യങ്ങളാണ്. സ്വദർശന ചക്രധാരി ബ്രാഹ്മണൻ തന്നെയാണ്. ഈ ജ്ഞാനത്തിലൂടെ തന്നെയാണ് നിങ്ങൾ ദേവതയാകുന്നത്. ഈ സമയം നിങ്ങൾ സ്വദർശന ചക്രധാരിയും, ത്രിനേത്രിയും, ത്രികാല ദർശിയുമാണ്. ഈ ടൈറ്റിൽ നിങ്ങളുടേതാണ്. ഈ എല്ലാ കാര്യങ്ങളും മനസ്സിലാക്കുന്നതിനും മനസ്സിലാക്കി കൊടുക്കുന്നതിനുമുള്ളതാണ്. ഏറ്റവുമാദ്യം ബാബയുടെ പരിചയം നൽകണം. പരംപിതാ പരമാത്മാവുമായി താങ്കൾക്ക് എന്ത് സംബന്ധമാണുള്ളത്? പേര് തന്നെ *ഗോഡ് ഫാദറെന്നാണ്*. *ഗോഡ് ഫാദർ* സർവ്വവ്യാപിയാണെന്ന് ഒരിക്കലും പറയില്ല. അച്ഛനല്ലേ. നമ്മൾ എഴുതുന്നത് തന്നെ പരംപിതാ പരമാത്മാവുമായി താങ്കൾക്ക് എന്ത് സംബന്ധമാണുള്ളത്? പരംപിതാവെന്ന് പറയുന്നുണ്ടെങ്കൽ തീർച്ചയായും അച്ഛനല്ലേ. അച്ഛനെങ്ങനെ സർവ്വവ്യാപിയാകും? അച്ഛനിൽ നിന്ന് സമ്പത്താണ് ലഭിക്കുക. ബാബ പുതിയ ലോകത്തിന്റെ രചയിതാവാണ്. ഈ ലക്ഷ്മീ–നാരായണന് പുതിയ ലോകത്തിന്റെ സമ്പത്ത് ലഭിച്ചിരിക്കുന്നു. അവിടെ ദേവതകൾക്ക് മൂന്നാം നേത്രത്തിന്റെ ആവശ്യമില്ല. മൂന്നാം നേത്രം തീർച്ചയായും ബ്രഹ്മാവിലൂടെ തന്നെയാണ് നൽകുക. ത്രിമൂർത്തിയുടെ അർത്ഥം എത്ര നല്ലതാണ്. മനസ്സിലാക്കി കൊടുക്കുന്നതിന് വളരെ ശോഭയുണ്ടായിരിക്കണം. നല്ല ഉസ്താദ് ആരാണോ അവർക്ക് മനസ്സിലാക്കി കൊടുക്കുന്നതിന്റെ അഭ്യാസമുണ്ടായിരിക്കും. ദിനം–പ്രതിദിനം ആർക്കും മനസ്സിലാക്കി കൊടുക്കുന്നത് വളരെ സഹജമായിക്കൊണ്ടിരിക്കും. പരംപിതാ പരമാത്മാവ് താങ്കളുടെ ആരായാണ് തോന്നുന്നത്? പറയും അച്ഛനായാണ് തോന്നുന്നത്. ബാബയാണ് പുതിയ ലോകത്തിന്റെ രചയിതാവ്. സത്യയുഗത്തിൽ ദേവീ–ദേവതകളുടെ രാജ്യമായിരുന്നു. തീർച്ചയായും അവർക്ക് സമ്പത്ത് പരംപിതാ പരമാത്മാവിൽ നിന്നുമായിരിക്കും ലഭിച്ചിട്ടുണ്ടായിരിക്കുക. രാജയോഗം പഠിച്ച് രാജപദവി നേടുന്നു. നമ്മളെല്ലാവരും ബി. കെ. യാണ്. ആർക്കും മനസ്സിലാക്കി കൊടുക്കൂ – ശരി, നിങ്ങൾ പ്രജാപിതാ ബ്രഹ്മാവെന്ന് പറയുന്നു. എങ്കിൽ നിങ്ങളുടെ അച്ഛനായില്ലേ. ശിവനും നിങ്ങളുടെ അച്ഛനാണ്. നിങ്ങളും ബ്രഹ്മാകുമാരനും കുമാരിയുമാണ്. ഞങ്ങൾ മുത്തച്ഛനിൽ നിന്നും സമ്പത്തെടുത്തുകൊണ്ടിരിക്കുകയാണ്, നിങ്ങളെടുക്കുന്നില്ല. വന്ന് മനസ്സിലാക്കൂ, പുരുഷാർത്ഥം ചെയ്യൂ അപ്പോൾ നിങ്ങൾക്കും ലഭിക്കും. പ്രജാപിതാ ബ്രഹ്മാവും ജഗദംബയും രണ്ട് പേരുമാണ് മുഖ്യം. ലഭിക്കുന്ന സമ്പത്താണ് – ലക്ഷ്മീ–നാരായണ പദവി.

കുട്ടികൾക്ക് ധാരാളം തരത്തിൽ മനസ്സിലാക്കി തരുന്നു. വലിയ-വലിയ സമ്മേളനങ്ങളിൽ നിങ്ങൾ കുട്ടികൾ പോകൂ അപ്പോൾ പേര് പ്രസിദ്ധമാകും. നമ്മുടേത് മാത്രമാണ് ജ്ഞാനത്തിന്റെ കാര്യം, മറ്റെല്ലാവരുടെ കാര്യങ്ങളും ഭക്തിയുടേതാണ്. ജ്ഞാനത്തിൽ നമുക്ക് ആരോടും ചോദിക്കുന്നതിനുള്ള ആധികാരികതയുണ്ട്. എന്നാൽ മനസ്സിലാക്കുന്നവരാരും തന്നെ പെട്ടെന്ന് മനസ്സിലാക്കുന്നില്ല. ഒരുപാട് തർക്കിക്കാറുണ്ട്. മനസ്സിലാക്കുകയാണെങ്കിൽ ആദരണീയരാകും. എഴുതി വച്ചിട്ടുണ്ട് കുമാരിമാർ ഭീഷ്മ പിതാമഹനെ ജയിച്ചു. ഇത് സംഭവിക്കാനുള്ളതാണ്. നിശ്ചയമായും ഈ *പാർട്ട് ഡ്രാമയിലുണ്ട്.* ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) വിജയമാലയിൽ വരുന്നതിന് വേണ്ടി ബാബയ്ക്ക് സമാനം സേവനം ചെയ്യണം. മുരളി ധാരണ ചെയ്ത് പിന്നീട് കേൾപ്പിക്കണം. സ്വഭാവം വളരെ രാജകീയമായിരിക്കണം.

2) തന്റെ വിശാല ബുദ്ധിയിലൂടെ ഈ പരിധിയില്ലാത്ത നാടകത്തെ അറിഞ്ഞ് അപാര സന്തോഷത്തിൽ കഴിയണം. കൊടുങ്കാറ്റുകളിൽ ഭയപ്പെടരുത്. ജ്ഞാന മഥനത്തിലൂടെ ബുദ്ധിയെ സമ്പന്നമാക്കി വെയ്ക്കണം.

## വരദാനം:- വിപരീത ഭാവനകളെ സമാപ്തമാക്കി അവ്യക്ത സ്ഥിതിയുടെ അനുഭവം ചെയ്യുന്ന സദ്ഭാവനാ സമ്പന്നരായി ഭവിക്കൂ

ജീവിതത്തിൽ ഉയരുന്ന കലയുടെ അല്ലെങ്കിൽ പതനത്തിന്റെ കലയുടെ ആധാരം രണ്ട് കാര്യങ്ങളാണ് - ഭാവനയും ഭാവവും. സർവ്വരെ പ്രതിയും മംഗളത്തിന്റെ ഭാവന, സ്നേഹവും സഹയോഗവും നൽകുന്നതിന്റെ ഭാവന, ധൈര്യവും ഉത്സാഹവും വർദ്ധിപ്പിക്കുന്നതിന്റെ ഭാവന, ആത്മിക സ്വരൂപത്തിന്റെ ഭാവന അല്ലെങ്കിൽ സ്വന്തമെന്ന ഭാവന തന്നെയാണ് സദ്ഭാവന, ഇങ്ങനെയുള്ള ഭാവനയുള്ളവർക്ക് മാത്രമാണ് ആത്മിക സ്ഥിതിയിൽ സ്ഥിതി ചെയ്യാൻ സാധിക്കുന്നത്. അഥവാ ഇതിന് വിപരീതമായ ഭാവനയാണ് ഉള്ളതെങ്കിൽ വ്യക്ത ഭാവം തന്നിലേക്ക് ആകർഷിക്കുന്നു. ഏതു വിഘ്നത്തിന്റെയും അടിസ്ഥാന കാരണം ഈ വിപരീത ഭാവനകളാണ്.

## സ്ലോഗൻ:- സർവ്വശക്തിവാനായ ബാബ ആരോടൊപ്പമാണോ ഉള്ളത്, മായ അവരുടെ മുന്നിൽ കടലാസു പുലിയാണ്.

**ലൗലീന സ്ഥിതിയുടെ അനുഭവം ചെയ്യൂ** : ആരോടാണോ സ്നേഹമുണ്ടാകുന്നത്, അവർക്ക് എന്താണോ നല്ലതായി തോന്നുന്നത് അത് ചെയ്യുന്നു. ബാബയ്ക്ക് കുട്ടികൾ അപ്സെറ്റാകുന്നത് നല്ലതായി തോന്നുന്നില്ല, അതുകൊണ്ട് ഒരിക്കലും ഇത് പറയരുത്, എന്ത് ചെയ്യും, പ്രശ്നം തന്നെ ഇങ്ങനെയായിരുന്നു അതുകൊണ്ടാണ് അപ്സെറ്റായത്... അഥവാ പ്രശ്നം അപ്സെറ്റാക്കുന്നത് വരികയാണെങ്കിലും താങ്കൾ താങ്കളുടെ സ്ഥിതി അപ്സെറ്റാക്കരുത്.